"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ്- കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് - 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.199/2025/CLAD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. 04.01.2021-ലെ 1/2021/ധന നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം.281/2024/സാം.കാ.വ തീയതി, 03.06.2024
3. 12.06.2024-ലെ 35/2024/ധന നമ്പർ സർക്കുലർ
4. സ.ഉ (സാധാ)നം.381/2024/സാം.കാ.വ തീയതി, 18.07.2024
5. സ.ഉ.(സാധാ)നം.536/2024/സാംകാവ തീയതി, 17.09.2024
6. സ.ഉ(സാധാ) നം. 712/2024/സാംകാവ ഉത്തരവ് 13.12.2024
7. സ.ഉ(സാധാ)നം.44/2025/സാംകാവ തീയതി, 30.01.2025
8. സ.ഉ(സാധാ)നം.122/2025/സാംകാവ തീയതി, 11.03.2025
9. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറിയുടെ 21.02.2025-ലെ 08/എ 2/50/25/കെഎസ് ബിഎം നമ്പർ കത്ത്

**ഉത്തരവ്**

കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന് 2024-2025 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ "2202-05-102-92-36(പ്ലാൻ) " ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 60,00,000/- രൂപ (അറുപത് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് പദ്ധതി നിർവഹണം നടത്തുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (4) പ്രകാരം ഗ്രാന്റ് തുകയുടെ ഒന്നാം ഗഡുവായി 12,00,000/-രൂപ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ചെലവിലേയ്ക്കായി മുൻഗണന ക്രമം നിശ്ചയിച്ച് നിജപ്പെടുത്തിയിട്ടുള്ള 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിന് പരാമർശം (7) പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (8) പ്രകാരം ഗ്രാന്റ് തുകയുടെ രണ്ടാം ഗഡുവായി 12,00,000/- രൂപ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന് 2024-25 സാമ്പത്തിക വർഷം 2205-00-102-41 എന്ന പദ്ധതിയേതര ശീർഷകത്തിൽ

വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും പരാമർശം (5) പ്രകാരം അനാവർത്തന ഗ്രാന്റായി അനുവദിച്ച 25 ലക്ഷം രൂപ സ്ഥാപനത്തിന്റെ തന്നെ ശീർഷകത്തിൽ അധിക സഹായമായി അനുവദിക്കണമെന്ന കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറി പരാമർശം (9) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി "2202-05-102-92-36(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) സർക്കുലർ പ്രകാരം പ്രസ്തുത തുക കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799012700000508** എന്ന **PSTSB** അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറി ധനവിനിയോഗസാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷിണി തങ്കച്ചി പി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ് ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 26.03.2025-ലെ 2953734 EDN-C3/303/2024-FIN നമ്പർ കുറിപ്പ് പ്രകാരം )
ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
സാംസ്കാരികകാര്യ (എ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/95/2024-CLAD/ C1/37/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 28-03-2025 11:53:44

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ് .ന്